(1)	(2)	(3)
7	എറണാകുളം	16444
8	തൃശ്ശൂർ	17926
9	പാലക്കാട്	12797
10	കോഴിക്കോട്	33676
11	മലപ്പുറം	22949
12	വയനാട്	3450
13	കണ്ണൂർ	14651
14	കാസർഗോഡ്	7945
	ആകെ	312450

(ബി) പ്രതിമാസം 120 രൂപ (നൂറ്റി ഇരുപത് രൂപ മാത്രം)യാണ് തൊഴിൽ രഹിത വേതനമായി നൽകി വരുന്നത്. ഈ സർക്കാർ വേതന തുക വർദ്ധിപ്പിച്ചിട്ടില്ല.

(സി) തൊഴിൽ രഹിത വേതനം വാങ്ങുന്നവരുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഗുണഭോക്താക്കളുടെ കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സാമ്പത്തിക വർഷം	ഗുണഭോക്താക്കളുടെ എണ്ണം
1	2008-09	338735
2	2009-10	332268
3	2010-11	312450

തോട്ടം തൊഴിലാളികളുടെ മിനിമം വേതനം

64 (1027) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തോട്ടം തൊഴിലാളികളുടെ വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ :

(സി) ഈ മേഖലയിൽ അനുഭവപ്പെടുന്ന കടുത്ത അനീതികൾ അവസാനിപ്പിക്കുന്നതിന് കാലാനുസൃതമായി ഇവരുടെ വേതനം പുതുക്കി നിശ്ചയിക്കുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ മേഖലയിലെ വേതന വർദ്ധനവ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ത്രികക്ഷി സംവിധാനമായ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലാണ്. 29-8-2008-ൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ റബ്ബർ, തേയില, ഏലം, കാപ്പി എന്നീ മേഖലകൾക്ക് ബാധകമാകുന്ന വിധത്തിൽ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനപ്രകാരം റബ്ബർ മേഖലയ്ക്ക് 1-4-2008 മുതലും തേയില തോട്ടങ്ങൾക്ക് 15-7-2008 മുതലും ഏലം, കാപ്പി തോട്ടങ്ങൾക്ക് 1-7-2008 മുതലും മേൽപ്പറഞ്ഞ ഒത്തുതീർപ്പ് കരാറിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്. 'ടി' തീരുമാനപ്രകാരം കുറഞ്ഞ കൂലി ജി.ഒ.(ആർ.ടി.) 804/2009/തൊഴിൽ തീയതി 12-6-2009 ഉത്തരവ് ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 12-6-2009-ലെ ജി.ഒ.(ആർ.ടി.) 804/2009/തൊഴിൽ നമ്പർ ഉത്തരവ് മുഖേനയാണ് അവസാനമായി തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്.

(സി) ഇതര മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ പ്ലാന്റേഷൻ മേഖലയിൽ നിലവിൽ ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്നും ഇത് കാലോചിതമായി പരിഷ്കരിക്കണമെന്നും ആവശ്യപ്പെട്ട് 'ടി' മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകൾ 17-1-2011-ന് നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ഒരു അവകാശ പത്രിക സമർപ്പിക്കുകയും 'ടി' വിഷയത്തിൽ ചർച്ചകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കരാറിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപുതന്നെ പുതുക്കിയ കരാർ നിലവിൽ വരത്തക്ക വിധത്തിൽ സമയബന്ധിതമായി വേതന പരിഷ്കരണ നടപടികൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

65 (1028) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അസംഘടിത മേഖലയിലെ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ക്ഷേമനിധി ഏർപ്പെടുത്തിയത് എന്ന് വിശദീകരിക്കുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly